**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2644** **06-10-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• ഒന്നാം സംരംഭക വർഷം (1.0) പദ്ധതി<br>• വൈദഗ്ധ്യ വികസന പരിപാടി<br>• രണ്ടാം സംരംഭക വർഷം (2.0) പദ്ധതി<br>• മൂന്നാം സംരംഭക വർഷം (3.0) പദ്ധതി.<br>• ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br>• മിഷൻ 1000<br>• എം.എസ്.എം.ഇ ഇൻഷ്വറൻസ്<br>• നിലവിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വ്യാപനവും വളർച്ചയും ഉറപ്പ വരുത്തുന്നതിനായുള്ള റാമ്പ് (Raising And Accelerating MSME Performance – RAMP) . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പുതുതായി ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് ഈ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി ഗ്രാന്റ്, പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യ സംസ്കരണമേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതി, സംരംഭക സഹായ പദ്ധതി എന്നിവയിലൂടെ 77 വസ്ത്ര-ഉണിത്തര വ്യവസായ യൂണിറ്റുകളും 3 സ്ഫടിക-കളിമൺ ഉത്പന്ന യൂണിറ്റുകളും 20 മെക്കാനിക്കൽ-ജനറൽ-ലൈറ്റ് എഞ്ചിനിയറിങ് യൂണിറ്റുകളും 11 വിവര സാങ്കതിക മേഖലാ യൂണിറ്റുകളും 10 റബ്ബർ ഉത്പന്ന യൂണിറ്റുകളും 13 രാസപദാർത്ഥ യൂണിറ്റുകളും 16 പ്ലാസ്റ്റിക് ഉത്പന്ന യൂണിറ്റുകളും 7 പേപ്പർ വ്യവസായ യൂണിറ്റുകളും 131 ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകളും 21 മരഉത്പന്ന യൂണിറ്റുകളും 11 അച്ചടി അനുബന്ധ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളും 7 നിർമ്മാണ മേഖലാ ഉത്പന്ന വ്യവസായ യൂണിറ്റുകളും 1 റബ്ബർ/തുകൽ ഉത്പന്ന യൂണിറ്റും 9 ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് യൂണിറ്റുകളും 1 ഫാർമസ്യൂട്ടിക്കൽസ് യൂണിറ്റും 6 ആയുർവേദ ഉത്പന്ന യൂണിറ്റും 193 സേവന മേഖല യൂണിറ്റുകളും 22 ഭക്ഷ്യ-കാർഷിക ഉത്പന്ന സംരംഭങ്ങളും 6 സിമന്റ് ഉത്പന്ന യൂണിറ്റുകളും 9 മെഴുകുതിരി നിർമ്മാണ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര നടപ്പിലാക്കിയിട്ടുള്ള പെട്രോ കെമിക്കൽ പാർക്കിൽ 24 സംരംഭകർക്ക് ഭൂമി അനുവദിക്കുകയും 7 സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. കിൻഫ്രയുടെ നെല്ലാട് ചെറുകിട ഇൻഡസ്ട്രീസ് പാർക്കിൽ ഫുഡ് പ്രോസസിങ് വ്യവസായത്തിനും ജനറൽ കാറ്റഗറിയിലുള്ള വ്യവസായങ്ങൾക്കും പ്രവർത്തിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ 88 വ്യവസായങ്ങൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 യൂണിറ്റുകൾ ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കിൻഫ്രയുടെ ഐരാപുരം റബ്ബർ പാർക്കിൽ 58 വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുകയും 10 കമ്പനികൾ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു എന്ന് പദ്ധതികൾ തരംതിരിച്ച് വ്യക്തമാക്കാമോ; | (സി) | <u>ഒന്നാം സംരംഭക വർഷം പദ്ധതി</u><br><br>ജനറൽ ഓറിയന്റേഷൻ പരിശീലന പരിപാടി - 80,000/- രൂപ<br><br>ലോൺ ലൈസൻസ് സബ്സിഡി - 40,000/- രൂപ<br><br>സംരംഭകത്വ ബോധവത്കരണ പരിപാടി - 24,000/- രൂപ<br><br><u>രണ്ടാം സംരംഭക വർഷം പദ്ധതി</u><br><br>ജനറൽ ഓറിയന്റേഷൻ പരിശീലന പരിപാടി - 40,000/- രൂപ<br><br>ലോൺ ലൈസൻസ് സബ്സിഡി - 40,000/- രൂപ<br><br>എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ കാമ്പയിൻ - 24,000/- രൂപ<br><br>സംരംഭകത്വ ബോധവത്കരണ പരിപാടി - 16,000/- രൂപ<br><br><u>മൂന്നാം സംരംഭക വർഷം പദ്ധതി</u> |

| | | | |
|---|---|---|---|
| | | | ജനറൽ ഓറിയന്റേഷൻ പരിശീലന പരിപാടി - 40,000/- രൂപ<br><br>സംരംഭക സഭ – 40,000/- രൂപ<br><br>സംരംഭകത്വ ബോധവത്കരണ പരിപാടി - 16,000/- രൂപ<br><br><u>മറ്റ് പദ്ധതികൾ</u><br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 5,96,639/- രൂപ.<br><br>എം.എസ്.എം.ഇ ഇൻഷ്വറൻസ് പദ്ധതി - 61,819/- രൂപ<br><br>നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി - 49,09,000/- രൂപ.<br><br>സംരംഭക സഹായ പദ്ധതി - 541.48/- ലക്ഷം രൂപ |
| (ഡി) | കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിലവിലെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വ്യാപനവും വളർച്ചയും ഉറപ്പുവരുത്തുന്നതിനായുള്ള RAMP (Raising And Accelerating MSME Performance) പദ്ധതി മുഖേന ബാങ്കേഴ്സ് മീറ്റ്, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ക്ലിനിക്ക്, എക്സ്പോർട്ട് വർക്ക്ഷോപ്പ് എന്നീ പദ്ധതികൾ താലൂക്കടിസ്ഥാനത്തിൽ ഈ നിയോജക മണ്ഡലത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ